04-07-2023 ന് രാവിലെ പയ്യന്നൂർ താലൂക്ക് ഓഫീസിലെ പി എ യു യൂണിറ്റിൽ വെച്ച് ചേർന്ന ഉപജില്ലാ സമിതി 1 ന്റെ യോഗത്തിൽ പങ്കെടുത്തവരും യോഗ തീരുമാനങ്ങളും.

1. അനിൽ കെ എൻ ഐ വി ഒ/എ ഡി, എൽ എസ് ജി ഡി
2. ബിജു പി വി എ എക്സ് ഇ, പയ്യന്നൂർ ബ്ലോക്ക്
3. നിഥിൻകുമാർ എസ് ഡപ്യൂട്ടി ടൌൺ പ്ലാനർ, എൽ എസ് ജി ഡി,

ഉപജില്ലാ സമിതി യോഗം 11 മണിക്ക് ആരംഭിച്ചു. യോഗത്തിൽ മുൻ സിറ്റിംഗുകളിൽ പരിഗണിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കുന്നതിനായി അന്തിമനിർദ്ദേശം നൽകിയ അപേക്ഷകളിൽ മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ചു. ഉപജില്ലാ സമിതി മുമ്പാകെ പുതുതായി പരിഗണനക്കായി വന്ന അപേക്ഷകൾ ഉപസമിതി പരിശോധിച്ച് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു. തീരുമാനങ്ങൾ തുടർനടപടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനും തീരുമാനങ്ങളിൻ മേൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ സമിതിയുടെ അടുത്ത സിറ്റിംഗിനു മുമ്പായി സമിതിയുടെ പരിഗണനക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചു.

1.പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നമ്പർ അനുവദിച്ചു കിട്ടുന്നതിനും നൽകിയ അപേക്ഷയിൽ നടപടിയായില്ല എന്ന ശ്രീ ചന്ദ്രശേഖരന്റെ പരാതി പരിശോധിച്ച ഉപജില്ലാ സമിതി പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ സമിതി യോഗത്തിലേക്ക് വിളിപ്പിക്കുകയും ശ്രീ ചന്ദ്രശേഖരന്റെ അപേക്ഷ സംബന്ധിച്ച് വിശദീകരണം തേടുകയും ചെയ്തു. ശ്രീ ചന്ദ്രശേഖരന്റെ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളൊന്നും ഇല്ല എന്നും ഉപജില്ലാസമിതിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. - സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ചന്ദ്രശേഖരന്റെ കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കുന്നതിന് പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

2.പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച് ലഭിക്കുന്നതിനായി ശ്രീ പെടച്ചി ചന്ദ്രൻ നൽകിയ അപേക്ഷ ഉപജില്ലാ സമിതി പരിശോധിച്ചു. ശ്രീ പെടച്ചി ചന്ദ്രൻ നൽകിയ അപേക്ഷയിൽ നമ്പർ അനുവദിക്കുന്നതിന് നടപടി എടുക്കാമെന്ന് ഉപജില്ലാ സമിതി മുമ്പാകെ ഹാജരായ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ പെടച്ചി ചന്ദ്രന് കെട്ടിടനമ്പർ അനുവദിക്കാൻ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

*Created By: Sign Doc*

3..പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വീടിന് മുകളിൽ അധികമായി എടുത്ത നിർമ്മിതി ക്രമവൽക്കരിക്കണമെന്ന ശ്രീ കൊട്ടാരം വീട്ടിൽ രാജുവിന്റെ അപേക്ഷ പരിശോധിച്ച ഉപജില്ലാ സമിതി, സമിതി മുമ്പാകെ ഹാജരായ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന വിശദീകരണം തേടി. ശ്രീ രാജുവിന്റെ ക്രമവൽക്കരണ അപേക്ഷ പരി-ശോധിച്ചുവെന്നും ക്രമവൽക്കരിക്കുന്നതിന് തടസ്സങ്ങളില്ലെന്നും സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരണത്തിൻ അടിസ്ഥാ-നത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

4.കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനനിർമ്മാണത്തിനായി എൻ ഒ സി ലഭിക്കുന്നതിന് ശ്രീ ഷഹുൽ ഹമീദ് നൽകിയ അപേക്ഷ ഉപ-ജില്ലാ സമിതി പരിശോധിച്ചു. ലൈഫ്മിഷൻ ഭവനപദ്ധതി ഗുണഭോക്താവായ ശ്രീ ഷാഹുൽ ഹമീദിന്റെ അപേക്ഷ അടിയന്തിരമായി പരിഗണിച്ച് എൻ ഒ സി അനുവദിക്കുന്നതിന് കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു

ഉപജില്ലാ സമിതി യോഗം 1 മണിക്ക് അവസാനിച്ചു.

അനിൽ കെ എൻ

കൺവീനർ

ഉപജില്ലാ സമിതി 1 കണ്ണൂർ

*Created By: Sign Doc*